**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 727** **28-06-2022 - ൽ മറുപടിയ്ക്ക്**

**കാരാപ്പുഴ സഹകരണ ബാങ്ക് തട്ടിപ്പ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ , ശ്രീ പി സി വിഷ്ണുനാഥ്, ശ്രീ. ടി. ജെ. വിനോദ്, ശ്രീ. എ . പി . അനിൽ കുമാർ | | ശ്രീ. വി.എൻ വാസവൻ (സഹകരണ- രജിസ്ട്രേഷൻ വകുപ്പ് മന്ത്രി) | |
| (എ) | കാരാപ്പുഴ സഹകരണ ബാങ്കിൽ തട്ടിപ്പ് നടന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ബാങ്കിൽ 1.13 കോടി രൂപയുടെ തട്ടിപ്പ് നടന്നതായി പരിശോധനയിൽ കണ്ടെത്താൻ സാധിച്ചിട്ടില്ല. ബാങ്കിൽ നടത്തിയ പരിശോധനാ കാലയളവിൽ ബാങ്കിലെ ജീവനക്കാരുടെ അടുത്ത ബന്ധുക്കൾക്ക് അനുവദിച്ചിട്ടുള്ള വായ്പ, ജി.ഡി.സി.എസ് എന്നിവ പ്രത്യേകമായി പരിശോധിച്ചതിൽ വായ്പ ബാക്കിനില്പ് തുകയാണ് 1.13 കോടി രൂപ. |
| (ബി) | ഒരു പ്രമുഖ തൊഴിലാളി യൂണിയൻ സംസ്ഥാന സെക്രട്ടറിയുടെ നേതൃത്വത്തിൽ നടത്തിയതായി പറയപ്പെടുന്ന തട്ടിപ്പിൽ ബാങ്കിന് 1.13 കോടി രൂപ നഷ്ടമായ സംഭവത്തിൽ അന്വേഷണം നടത്തിയിട്ടുണ്ടോ; | (ബി) | ബാങ്കിൽ 1.13 കോടി രൂപയുടെ തട്ടിപ്പ് നടന്നതായി പരിശോധനയിൽ കണ്ടെത്താൻ സാധിച്ചിട്ടില്ല. ബാങ്കിൽ നടത്തിയ പരിശോധനാ കാലയളവിൽ ബാങ്കിലെ ജീവനക്കാരുടെ അടുത്ത ബന്ധുക്കൾക്ക് അനുവദിച്ചിട്ടുള്ള വായ്പ, ജി.ഡി.സി.എസ് എന്നിവ പ്രത്യേകമായി പരിശോധിച്ചതിൽ കണ്ടെത്തിയ വായ്പ ബാക്കിനില്പ് തുകയാണ് 1.13 കോടി രൂപ. |
| (സി) | അന്വേഷണം നടത്തുന്നതിനായി ഭരണ കക്ഷിപാർട്ടിയുടെ പ്രവർത്തകർ ഉൾപ്പെട്ട രണ്ടംഗ അന്വേഷണ കമ്മീഷനെ നിയമിച്ചു എന്ന ആരോപണം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (സി) | ഇല്ല. |
| (ഡി) | അഴിമതി മൂടിവയ്ക്കാനുള്ളതായി പറയപ്പെടുന്ന ഇത്തരം ശ്രമങ്ങൾ തടയാൻ എന്തൊക്കെ നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ? | (ഡി) | ബാധകമല്ല. |

സെക്ഷൻ ഓഫീസർ